## പതിമൂന്നാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 233** | **30.11.2015-ൽ മറുപടിക്ക്**

### ടി.കെ. രാമകൃഷ്ണൻ സ്മാരക പഠന ഗവേഷണ കേന്ദ്രം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സുരേഷ് കുറുപ്പ്** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ടി.കെ. രാമകൃഷ്ണൻ സ്മാരക പഠന ഗവേഷണ കേന്ദ്രം 2015 സെപ്റ്റംബർ 7 ൽ കോട്ടയത്ത് സംഘടിപ്പിച്ച വർഗ്ഗീയ വിരുദ്ധ സെമിനാർ വേദിയിലേക്ക്, എത്തിയ ആർ.എസ്.എസ് സംഘത്തിൽപ്പെട്ടവർക്കെതിരെ പോലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; | (എ) പോലീസിന്റെ അവസരോചിതമായ ഇടപെടൽ മൂലം സെമിനാർ സംഘടിപ്പിച്ച വേദിയിൽ യാതൊരുവിധ പ്രശ്നങ്ങളും ഉണ്ടായിട്ടില്ല. ടി പ്രശ്നവുമായി ബന്ധപ്പെട്ട് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ബി) എത്ര പേർക്കെതിരെ എന്തെല്ലാം കുറ്റങ്ങൾ ചുമത്തി, പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; തിരുനക്കര മൈതാനത്തെ വേദിക്ക് ചുറ്റുമുള്ള റോഡിലേക്ക് പ്രകടനം നടത്തിയതിനുശേഷം ആക്രമണത്തിലേർപ്പെട്ട ആർ.എസ്.എസ്. സംഘത്തിലുള്ളവരെ തിരിച്ചറിയുകയും, കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) എസ്.എൻ.ഡി.പി.യുടെ നേതൃത്വത്തിൽ എം.സി. റോഡിൽ കൂടി നടത്തിയ ടി പ്രതിഷേധത്തിനിടെ കോട്ടയം തിരുനക്കര മൈതാനത്തിന് സമീപമുള്ള സ്ഥലത്തെ ഫ്ലക്സ് ബോർഡുകൾ നശിപ്പിക്കുകയും മറ്റും ചെയ്ത കാര്യത്തിന് കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം. 1259/15 നമ്പരായി കേസ്സ് രജിസ്റ്റർ ചെയ്യുകയും 03.10.2015ന് ബഹുമാനപ്പെട്ട കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ